സർക്കാർ ഹൈസ്കൂളുകളിൽ ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിക്കാൻ നടപടി

63(752) **ശ്രീമതി പി. അയിഷാ പോറ്റി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ സർക്കാർ ഹൈസ്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ മൈലം പഞ്ചായത്തിലെ പെരുകുളം സർക്കാർ പി. വി. ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

ഉപഭാഷാ പഠനത്തിന് നിയന്ത്രണം

64(753) **ശ്രീ. സി. ടി. അഹമ്മദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഹയർ സെക്കണ്ടറി സ്കൂൾ അനുവദിച്ചപ്പോൾ ഉപഭാഷാപഠനത്തിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) നിലവിൽ മൂന്ന് ഭാഷകളിൽ ഒന്ന് ഉപഭാഷയായി പഠിക്കാൻ വ്യവസ്ഥയുള്ളപ്പോൾ പുതിയ ഉത്തരവിൽ അത് രണ്ടായി ചുരുക്കിയതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ ;

(സി) അറബി, ഉറുദു, സംസ്കൃതം, കന്നഡ തുടങ്ങിയ ഉപ ഭാഷകളുടെ പഠനത്തെ സാരമായി ബാധിക്കുന്ന ഭാഷാപഠന നിയന്ത്രണ ഉത്തരവ് പിൻവലിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളിൽ രണ്ട് വീതം ബാച്ചുകളാണ് അനുവദിച്ചിട്ടുള്ളത്. പ്രാരംഭഘട്ടമെന്ന നിലയിൽ വിദ്യാർത്ഥികൾ തെരഞ്ഞെടുക്കുന്ന ഏതെങ്കിലും രണ്ട് ഉപഭാഷകളുടെ പഠനത്തിനാണ് സൗകര്യമുള്ളത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly